ലക്കം 18

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## രണ്ട് ഉടമ്പടികളുടെ ആലങ്കാരികമായ ദൃഷ്ടാന്തം

ഗലാത്യർ. 4: 21 –31 വരെയുള്ള വേദഭാഗമാണ് ചുവടെ ഉദ്ധരിച്ചിട്ടുള്ളത്.

അബ്രഹാമിന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരുവൻ ദാസി പ്രസവിച്ചവൻ, ഒരുവൻ സ്വതന്ത്രപ്രസവിച്ചവൻ എന്നുണ്ടല്ലോ. ദാസിയുടെ മകൻ ജഡപ്രകാരവും സ്വതന്ത്രയുടെ മകനോ വാഗ്ദത്തത്താലും ജനിച്ചിരിക്കുന്നു. ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ അത്രെ. ഒന്നു സീനായി മലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിക്കുന്നു. അതു ഹാഗാർ. ഹാഗാർ എന്നതു അറബിദേശത്തു സീനായി മലയെകുറിക്കുന്നു. അതു ഇപ്പോഴത്തെ യെരുശലേമിനോട് ഒക്കുന്നു. അതു തന്റെ മക്കളോട് കൂടെ അടിമയിലല്ലോ ഇരിക്കുന്നത്. മീതെയുള്ള യെരുശലേമോ സ്വതന്ത്രയാകുന്നു അവൾ തന്നെ നമ്മുടെ അമ്മ.

കാലത്തിന്റെ തികവിൽ ദൈവത്താൽ നിർണ്ണയിക്കപ്പെട്ട രണ്ട് ഉടമ്പടികളുടെ മനോഹരമായ ദൃഷ്ടാന്തങ്ങളാണ്- വ്യവസ്ഥാത്മക കല്പനയും സുവിശേഷവും. യഹോവയായ ദൈവം മോശ മുഖാന്തരം



സ്ഥാപിച്ച ഒന്നാമത്തെ ഉടമ്പടിയാണ് സീനായി മലയെക്കുറിക്കുന്ന ഹാഗാറും യിശ്മായേലും. കല്പനാധിഷ്ഠിതമായ കർമ്മങ്ങളുടെയും, പാരമ്പര്യങ്ങൾക്കും അടിമകളായിരുന്നു പഴയനിയമ യിസ്രായേൽ മക്കൾ. ആദ്യത്തെ ഉടമ്പടി കല്പനാടിസ്ഥാനമായിരുന്നു. യിശമായേലിന്റെ ജനനമായിരുന്നു അതിനടയാളം. ഹാഗാർ സ്വതന്ത്രയായിരുന്നില്ല. ആകയാൽ തന്റെ സന്തതികളെ കല്പനാധിഷ്ഠിത അടിമത്വത്തിൽ നിന്നും മോചിപ്പിക്കുവാൻ അവൾക്ക് കഴിയുമായിരുന്നില്ല. എന്നാൽ വിശ്വാസത്താൽ വാഗ്ദത്തസന്തതിയായ യിസ്ഹാക്ക് ജനിച്ചപ്പോൾ, ദൈവനിർണ്ണയപ്രകാരം യേശുക്രിസ്തുമുഖാന്തിരമുള്ള മനുഷ്യവർഗ്ഗത്തിന്റെ പൊതുവായ രക്ഷയ്ക്കതു കാരണമായിത്തീർന്നു. തന്റെ സഹോദരന്റെ സ്ഥാനത്തിന് അതീതമായ മേൽക്കൈയുള്ള ഉന്നതസ്ഥാനമാണ് യിസ്ഹാക്കിനുണ്ടായിരുന്നത്. പിതാവിന്റെ ഇഷ്ടത്തിനനുസൃതമായ ബലിപീഠത്തിൽ യാഗവസ്തുവാകുവാൻ ഏല്പിച്ച യിസ്ഹാക്ക് യേശുക്രിസ്തുവിന്റെ പ്രതീകമാണ്. അബ്രഹാമിനോടുള്ള ദൈവീക ഉടമ്പടി


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: രണ്ട് ഉടമ്പടികൾ | അനുബന്ധ ലേഖനം: രണ്ട് ഉടമ്പടികൾ | പഴയതും പുതിയതും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| 3 | 4 | 5-6 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

യുടെ നിവർത്തീകരണം യിസ്ഹാക്കിലൂടെ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായി തീരുമ്പോഴാണ്.

സീനായ്മലക്കും യെരുശലേമിനും മധ്യേ ഒരു സമാന്തരരേഖ വരയ്ക്കാവുന്നതാണ്. ദൈവത്തെ ആരാധിച്ചിരുന്ന ആലയവും, യെരുശലേം പട്ടണവും മറ്റും മതപരമായി മോശെയുടെ ചട്ടങ്ങളുടെയും മറ്റും ബന്ധനത്തിലും രാഷ്ട്രീയമായി റോമാസാമ്രാജ്യത്തിന്റെ അധീനതയിലുമൊക്കെ ആയിരുന്നു. ഇത് പിൽക്കാലത്ത് പുതിയ ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമായിത്തീർന്നു. പുതിയ യെരുശലേം പ്രതിനിധീകരിക്കുന്നത്, പുതിയ ഉടമ്പടിക്ക് കീഴിലുള്ള സ്വതന്ത്രരായ സകലരേയും ഉദ്ദേശിച്ചിട്ടുള്ളതാണ്.

എല്ലാവരുടെയും അമ്മയായ മുകളിലുള്ള യെരുശലേം സ്വതന്ത്രയാകുന്നു. (വാക്യം 26) യഥാർത്ഥത്തിൽ ദൈവമക്കൾ, സുവിശേഷത്തിന്റെ ഉടമ്പടിക്ക് കീഴിലുള്ളവർ പാരമ്പര്യത്തിൽ നിന്നും ആചാരകർമ്മാധികളുടെ ബന്ധനത്തിൽ നിന്നും സ്വതന്ത്രരാണ്. അവർ പാപത്തിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും സ്വതന്ത്രരത്രെ. അവർ അടിമയിൽ നിന്നല്ല സ്വതന്ത്രയിൽ നിന്നുമത്രെ ജനിച്ചത്.

ദാസിയേയും മകനെയും പുറത്താക്കിക്കളക എന്ന അപ്പോസ്തലന്റെ വാക്കുകൾ പഴയ ഉടമ്പടിയെ പുറത്താക്കിക്കളയുവാൻ സഭയോടു ഉപദേശിക്കുകയാണ്. "ദാസിയേയും മകനേയും പുറത്താക്കിക്കളക, ദാസിയുടെ മകൻ സ്വതന്ത്രയുടെ മകനോടുകൂടെ അവകാശി ആകയില്ല." (വാക്യം 30) വാഗ്ദത്ത സന്തതിയാണ് യിസ്ഹാക്ക്, യഹൂദാദേശത്തിന്റെ നിവർത്തീകരണത്തിന്റെ ദൈവീകപദ്ധതിയിൽ ഉൾപ്പെട്ടവനാണവൻ. അവനാണ് അവകാശിയും. പുതിയ ഉടമ്പടിയുടെ പൂർത്തീകരണത്തിൽ മോശെ മുഖാന്തരം പഴയപ്രമാണത്തിന്റെ പ്രസക്തി നഷ്ടപ്പെടുമ്പോൾ ക്രിസ്ത്യാനികൾ, അതായത് ക്രിസ്തുവിന്റെ അനുയായികളാണ് യഥാർത്ഥ വാഗ്ദത്ത സന്തതികൾ.

സുവിശേഷത്തിൻ കീഴിൽ കഴിയുമ്പോഴും ചിലർ മോശെയുടെ പഴയപ്രമാണത്തോടു പറ്റിച്ചേർന്നിരിക്കുന്നവരാണ്. ഇത്തരത്തിലുള്ള മനോഭാവം തികച്ചും ബന്ധനം തന്നെ. പഴയപ്രമാണത്തെ പുറത്താക്കിക്കളക, പുതിയപ്രമാണത്തിലെ സ്വാതന്ത്ര്യത്തെ ആസ്വദിച്ചുകൊണ്ട് പുതിയ ഉടമ്പടിയിൽ ജീവിക്കുക. നാം ദാസിയുടെ മക്കളല്ല പ്രത്യുത, സ്വതന്ത്രയുടെ മക്കളത്രെ. (വാക്യം 31) - MWS

**വെബ്സൈറ്റ് സന്ദർശിക്കുക ! മുൻ ലക്കങ്ങൾ യഥേഷ്ടം ലഭിക്കുന്നതാണ്.**
**www.thegospeltruth.org**


ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

*“അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അതിന്റെ വിശേഷതയ്ക്ക് ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു” –എബ്രായർ.8:6*

കൃപയിലും സത്യത്തിലും ജീവിക്കുവാൻ കഴിയുന്നത് തന്നെ വലിയ ഒരു ഭാഗ്യപദവിയാണ്. പുതിയനിയമത്തിന്റെ മധ്യസ്ഥനായ യേശുകർത്താവ്, പുതിയ ഉടമ്പടിയും പുതിയ വാഗ്ദത്തവും സ്ഥാപിച്ചു. ദേശീയസുരക്ഷയും മനുഷ്യന്റെ ഭൗതീകനന്മയ്ക്കും പഴയഉടമ്പടി സഹായമായപ്പോൾ പുതിയ ഉടമ്പടി ആത്മീയ രക്ഷയ്ക്കും നിത്യമായ അനുഗ്രഹങ്ങൾക്കും വഴിതെളിച്ചു.

മനുഷ്യവർഗ്ഗത്തിനായുള്ള രണ്ട് ഉടമ്പടികളുടെ വിശകലനമാണ് ഞാൻ ഇത്തവണത്തെ പംക്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദശാംശം കൊടുക്കുക, ശബ്ബത്ത് അനുഷ്ഠിക്കുക, അക്ഷരീകമായ ആരാധനയും ആത്മീയ ആരാധനയും തുടങ്ങി വളരെ പ്രാധാന്യതയുള്ള ചില വിഷയങ്ങളാണ് പങ്കുവയ്ക്കാനുള്ളത്.

ഇപ്പോൾ പുതിയ ഉടമ്പടിക്ക് കീഴിൽ ഉള്ളവർക്ക് പഴയഉടമ്പടിയുടെ പ്രസക്തിയെന്തെന്ന് ചോദ്യമുണ്ടാകാം. ദൈവീക ഇടപെടലിന്റെ ചരിത്രമാണ് പഴയഉടമ്പടിയെങ്കിൽ പുതിയനിയമം ദൈവവും മനുഷ്യനുമായുള്ള ബന്ധമാണ്. പഴയനിയമത്തിൽ ദൈവത്തിന്റെ വിശുദ്ധിയെയും, മനുഷ്യന്റെ പാപപ്രകൃതിയെയും ഗ്രഹിക്കാം. വരുവാനുള്ള മശീഹായെക്കുറിച്ചും, ചരിത്രം, തുടങ്ങിയവയുള്ള സമൃദ്ധമായ പാഠമാണ് ദൈവവചനം. ക്രിസ്തുവും അപ്പോസ്തലന്മാരും, പഴയനിയമന പുസ്തകങ്ങളുടെ പലഭാഗങ്ങളും ഉദ്ധരിച്ചിട്ടുണ്ട്.

ഇന്ന് നാമാരും പഴയനിയമമല്ല പിൻതുടരുന്നത്. കൃപായുഗത്തിൽ ജീവിക്കുന്ന നമുക്കതിന്റെ ആവശ്യമില്ല. എന്നാൽ നിർഭാഗ്യവശാൽ ചിലർ ഇന്നും പഴയനിയമത്തിൻ കീഴിൽ കഴിയുന്നുണ്ട്. ശബ്ബത്തനുഷ്ഠിച്ചും, സംഗീത ഉപകരണങ്ങളിൽ അമിതമായി ആശ്രയിച്ചും പോരുന്നു. പഴയതിനെ വിടാൻ കഴിയാത്ത ഒരു തരം മാനസിക അവസ്ഥയാണവർക്ക്. പുതിയ നിയമത്തിന്റെ രംഗപ്രവേശം അവർ തിരിച്ചറിയുന്നതേയില്ല എന്നതാണ് സത്യം.

നമ്മുടെ ആദ്യപിതാക്കന്മാർ ധൈര്യശാലികളും, വിശ്വാസവീരന്മാരും, ദൈവത്തോട് അഗാധബന്ധം പുലർത്തുന്നവരുമായിരുന്നു. അവർ പഴയനിയമത്തിൻ ബന്ധനത്തിലുള്ള വരായിരുന്നില്ല മറിച്ച് പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ സ്നേഹത്തിലും കൃപയിലും സത്യത്തിലുമായിരുന്നു. അവർ ഇന്നുനമുക്ക് ഒരു മാതൃകതന്നെയാണ്.

വിശുദ്ധിയെന്നത് ബാഹ്യമല്ല തികച്ചും ആന്തരീകമാണ്. കല്പനാധിഷ്ഠമായ സ്വാതന്ത്ര്യത്തെ നാം ഒരിക്കലും കാംക്ഷിക്കരുത്. കൃപയിൽ ജീവിക്കുന്ന നമുക്ക് ദൈവവുമായി ആഴമേറിയ ബന്ധമാണുള്ളത്. വിശുദ്ധിയുടെ നിലവാരം നമ്മുടെ അകത്തെ മനുഷ്യനുമായി ബന്ധപ്പെട്ടതത്രെ.


**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠനസഹായി

## വിഷയം : രണ്ട് ഉടമ്പടികൾ




**വായനഭാഗം :** ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും.— എബ്രായർ 8: 10.

**രത്നചുരുക്കം :** മോശെമുഖാന്തിരം ദൈവം നൽകിയ പഴയഉടമ്പടി യഥാർത്ഥത്തിൽ മനുഷ്യവർഗ്ഗത്തിന്റെ നീതീകരണത്തിന് പര്യാപ്തമായിരുന്നില്ല. യഥാർത്ഥ സ്വാതന്ത്ര്യവും വിശുദ്ധിയും സാധ്യമാക്കിയ യേശുക്രിസ്തുവിന്റെ ക്രൂശുമരണവും പൗരോഹിത്യവും മുഖാന്തരം പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടു.

**കുറിപ്പ്:** ചുവടെ കൊടുത്തിരിക്കുന്ന വേദഭാഗത്തിന് വലതുവശത്തായി അതിലെ ഉള്ളടക്കവും രേഖപ്പെടുത്തിയിരിക്കുന്നു.

I. **പഴയഉടമ്പടി സ്ഥാപിക്കപ്പെട്ടു**
   A. പുറപ്പാട്. 34: 28 ഉടമ്പടി വചനം, പത്തുകല്പനകൾ
   B. ആവർ. 5: 1–3 യിസ്രായേലുമായുള്ള ഉടമ്പടി
   C. മലാഖി. 4: 4 മോശെയുടെ കല്പന— പഴയ ഉടമ്പടി

II. **കല്പനയുടെ ഉദ്ദേശം**
   A. ഗലാത്യ 3: 24–25 കല്പന ഒരു ശിശുപാലകനായിരുന്നു
   B. റോമർ 7: 7–8 കല്പനയില്ലാതെ പാപത്തിന് പ്രസക്തിയില്ല
   C. റോമർ 3: 19,20 കല്പന പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു

III. **രണ്ടു ഉടമ്പടികളെക്കുറിച്ചുള്ള ആലങ്കാരിക ദൃഷ്ടാന്തം**
   A. ഗലാത്യ 4: 21– 31 ഹാഗാറും സാറയും; യിശ്മായേലും യിസ്ഹാക്കും; സീനായി മലയും യെരുശലേമും; പ്രവൃത്തിയും വിശ്വാസവും; അടിമത്തവും സ്വാതന്ത്ര്യവും.

IV. **ഉന്നതവും പുതിയ ഉടമ്പടി സ്ഥാപനവും**
   A. യിരെമ്യ 31: 31–33 പുതിയ ഉടമ്പടിയുടെ പ്രവചനം
   B. എബ്രാ 8: 6–12 ഞാൻ നിങ്ങൾക്ക് ഒരു പുതിയ ഉടമ്പടി സ്ഥാപിക്കും
   C. യോഹ 1:17 കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു
   D. എഫെസ്യർ 2: 13–16 ക്രിസ്തു മുഖാന്തരം നിരപ്പിക്കപ്പെട്ടു
   E. മത്തായി 26: 27–28 പുതിയ നിയമത്തിന്റെ യേശുവിൻ രക്തം
   F. ഗലാത്യർ 3: 13–14 കല്പനയുടെ ശാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടു
   G. യോഹന്നാൻ 8: 31–36 സത്യം സ്വതന്ത്രരാക്കുന്നു

V. **യേശു - ഏകമധ്യസ്ഥൻ/ഏകബലി ഏകപുരോഹിതൻ**
   A. എബ്രായർ 9:11–16 ക്രിസ്തു ഒരു ഉന്നതബലിയും പുരോഹിതനും
   B. എബ്രായർ 10: 1 1–18 ക്രിസ്തു ഒരിക്കലായിട്ടു പാപത്തിനായി എന്നേക്കുമായി അർപ്പിക്കപ്പെട്ടു
   C. റോമർ 6: 10 ക്രിസ്തു പാപങ്ങൾക്കായുള്ള ശാശ്വതപരിഹാരം
   D. എബ്രായർ 7: 20–22 ക്രിസ്തുവിന്റെ പൗരോഹിത്യം
   E. 1 തീമൊ 2: 5 ദൈവത്തിനും മനുഷ്യർക്കു മിടയിൽ ക്രിസ്തു ഏക മധ്യസ്ഥൻ

VI. **കല്പനയുടെ അപര്യാപ്തത**
   A. എബ്രായർ 10:1 –4 വരുവാനുള്ള നന്മയുടെ നിഴലത്രെ കല്പന
   B. റോമർ 8:3, 4 കല്പന ബലഹീനമത്രെ (എബ്രാ.8:7, 10:11)
   C. എബ്രായർ 7 :11–12 ലേവ്യാപൗരോഹിത്യവും, കല്പനയുടെ മാറ്റവും
   D. എബ്രാ 7: 17–19 കല്പനയുടെ പോരായ്മ

VII. **പഴയ ഉടമ്പടി കടന്നുപോയി**
   A. എബ്രായർ 10: 9–10 ആദ്യകല്പന എടുക്കപ്പെട്ടു
   B. എബ്രാ 8:13 പഴയനിയമം പുതിയതിന് വഴിമാറി
   C. റോമർ 6: 14 നിങ്ങൾ പഴയനിയമത്തിനധീനരല്ല
   D. റോമർ 7: 6 കല്പനയിൽ നിന്നുമുള്ള വിടുതൽ

VIII. **നിയമത്തിന്റെ പൂർത്തീകരണം**
   A. മത്തായി 5: 17 യേശു ന്യായപ്രമാണത്തെ നിവർത്തിക്കുവാൻ വന്നു
   B. റോമർ 13: 8–10 സ്നേഹം നിയമത്തിന്റെ നിവർത്തീകരണം

IX. **പുതിയ ഉടമ്പടിക്ക് കീഴിലുള്ള ഉയർന്ന ജീവിതം**
   A. മത്തായി 5: 31–48 “ഞാനോ നിങ്ങളോടു പറയുന്നത്”

X. **വിശ്വാസത്താലുള്ള യഥാർത്ഥ നീതീകരണം**
   A. ഗലാത്യ 2: 16 യേശുവിൻ വിശ്വാസത്താലുള്ള നീതീകരണം
   B. റോമർ 9: 30–32 പ്രവർത്തിയാലല്ല, വിശ്വാസത്താലുള്ള നീതീകരണം
   C. ഗലാത്യർ 5: 2–4 ക്രിസ്തുവിൽ പഴയകല്പനയ്ക്ക് പ്രസക്തിയില്ല

**ഉപസംഹാരം :** എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തു യേശുവിൽ വിശ്വസിച്ചു....
– ഗലാത്യർ 2:16

# രണ്ട് ഉടമ്പടികൾ

## ഒരു ദൈവീക പദ്ധതി

സൃഷ്ടിയുടെ ആരംഭം മുതൽക്കേ മാനവരാശിയെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു. ഏദെൻ തോട്ടത്തിൽ വച്ച് ആദവും ഹവ്വയും പാപം ചെയ്തപ്പോൾ മനുഷ്യനെ പൂർണ്ണമായി വീണ്ടെടുക്കുവാൻ ദൈവം പ്രവർത്തിച്ചു. ആ ദൈവീക പദ്ധതിയുടെ പൂർണ്ണരൂപം അപ്പോൾ വ്യക്തമായിരുന്നില്ല എങ്കിലും; നൂറ്റാണ്ടുകൾക്കു ശേഷം ക്രിസ്തുവിന്റെ വരവോടുകൂടി ദൈവം ഒരുക്കിയ രക്ഷയുടെ ശക്തിയും മനോഹാരിതവും വെളിപ്പെട്ടു.

## ദൈവത്തിന്റെ പ്രമാണങ്ങൾ

ദൈവവുമായുള്ള മനുഷ്യന്റെ യാത്രയുടെയും, ബന്ധത്തിന്റെയും വിവരണമാണ് ബൈബിൾ. യുഗങ്ങളുടെ വിവിധഘട്ടങ്ങളിൽ ദൈവത്തിന് വ്യത്യസ്തകാര്യങ്ങൾ തലമുറകളിൽ നിന്ന് ആവശ്യമായിരുന്നു. അതിനാൽ ദൈവം മനുഷ്യനോട് ഇടപെടുന്ന സംവിധാനങ്ങൾ മനസ്സിലാക്കേണ്ടത് പ്രധാനമായ കാര്യമാണ്. ദൈവം മനുഷ്യരോട് ഇടപെടുന്ന സംവിധാനങ്ങളെ ബൈബിളിൽ ഉടമ്പടികൾ എന്ന് പരാമർശിച്ചിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള കരാറുകളെക്കാൾ വളരെ പ്രാധാന്യമുള്ളതാണ് ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി. ഒരു ഉടമ്പടി എന്നത് മനുഷ്യന്റ അനുഗ്രഹത്തിനായി നല്കുന്ന വാഗ്ദാനങ്ങളും, ഉപദേശങ്ങളും ദൈവത്തിന്റെ പ്രീതിഅനുസരിച്ച് നല്കുന്നതാണ്.

## ആദ്യത്തെ ഉടമ്പടി

രണ്ട് ഉടമ്പടികളിൽ ആദ്യത്തേത് സീനായ് പർവ്വതത്തിൽ വച്ച് മോശെയ്ക്ക് നൽകി. "യഹോവ പിന്നെയും മോശെയോട് ഈ വചനങ്ങളെ എഴുതികൊള്ളുക; ഈ വചനങ്ങൾ ആധാരമാക്കി ഞാൻ നിന്നോടും യിസ്രായേലിനോടും നിയമം ചെയ്തിരിക്കുന്നു.... അവൻ പത്തുകല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതികൊടുത്തു" (പുറപ്പാട് 34:27–28) ദൈവത്തിന്റെ എല്ലാ ചട്ടങ്ങളും വിധികളും ഉൾകൊള്ളുന്നതായിരുന്നു മോശെയ്ക്കു നൽകിയ ഉടമ്പടി (ആവർത്തനം 5: 1–3). മോശെയുടെ നിയമങ്ങൾ എന്നും വിളിക്കപ്പെടുന്ന (മലാഖി 4:4) ഈ നിയമത്തിന്റെ ഗുണങ്ങൾ പ്രത്യേകമായി യഹൂദനും കൂടാതെ മറ്റ് എല്ലാ ആളുകൾക്കും നല്കി (റോമർ 2 :14).

മോശെയുടെ നിയമത്തിൽ ഭരണപരവും ധാർമ്മികവും, ആചാരപരവുമായ എല്ലാ നിയമങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയിരുന്നു. ദൈവത്തെ എങ്ങനെ ആരാധിക്കണം എന്നും അവരുടെ പാപങ്ങൾക്കും, അകൃത്യങ്ങൾക്കുമുള്ള വിവിധപരിഹാര നിർദ്ദേശങ്ങളും അതിൽ ഉണ്ടായിരുന്നു. യേശുവിൽ കൂടിയുള്ള അവസാനത്തെ ഉടമ്പടിയുടെ മുന്നോടി എന്ന നിലയിലാണ് മോശെയുടെ പ്രമാണം നൽകിയത്. മോശെയുടെ പ്രമാണങ്ങൾ വരുവാനിരിക്കുന്ന നന്മയുടെ നിഴൽ ആയിരുന്നു (എബ്രായർ 10: 1–4). എന്നാൽ ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തത്തിന് പാപപരിഹാരം വരുത്തുവാൻ സാദ്ധ്യമല്ലായിരുന്നു. അവ പാപങ്ങൾക്ക് താല്ക്കാലികമായ പരിഹാരം മാത്രമേ നൽകിയിരുന്നുള്ളൂ. ജനങ്ങൾ ജഡത്തിൽ ആചാരപരമായ ആരാധന ദൈവത്തിന് അർപ്പിച്ചിരുന്നു എങ്കിലും, അവരുടെ യാഗങ്ങളോ നിയമങ്ങളോ അവരുടെ ഹൃദയത്തിനെ ശുദ്ധീകരിച്ചില്ല. ജഡത്തിന്റെ ബലഹീനത നിമിത്തം ന്യായപ്രമാണത്താൽ (റോമർ 8:3) ഒന്നും പൂർത്തി പ്രാപിച്ചില്ല (എബ്രായർ 7:19).



**"ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തത്തിന് പാപപരിഹാരം വരുത്തുവാൻ സാദ്ധ്യമല്ലായിരുന്നു."**

## ശിശുപാലകൻ

മനുഷ്യരാശിക്കു നൽകിയ ആദ്യത്തെ ഉടമ്പടി അപൂർണ്ണമായിരുന്നതിനാൽ മനുഷ്യർക്ക് ദൈവവുമായി നിരപ്പ് പ്രാപിക്കുവാൻ യേശുക്രിസ്തുവിന്റെ പൂർണ്ണതയുള്ള യാഗം ഒരുക്കി. " അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു" (ഗലാത്യർ 3 : 24–25). "ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വന്നത്" (റോമർ 3: 19–20). ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമായിരുന്നു. (റോമർ 7: 7–8). ജഡത്തിന്റെ പ്രവർത്തികളാൽ മാനവരാശിയുടെ പാപവും, ബലഹീനതയും തരണം ചെയ്യുവാനുള്ള കഴിവില്ലായ്മയാണ് ന്യായപ്രമാണത്താൽ വെളിപ്പെട്ടിരുന്നത്

## രണ്ടാമത്തെ ഉടമ്പടി

യഹോവ ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുവാൻ നിശ്ചയിച്ചു. "ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹ ത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരുമെന്ന് യഹോവയുടെ അരുളപ്പാട്.... ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യുവാനിരിക്കുന്ന നിയമം ഇങ്ങനെ യാകുന്നു; ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കും ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 31:31–33). ഈ ഉടമ്പടി കല്ലിൽ എഴുതിയ നിയമങ്ങളെ ആശ്രയിച്ചുള്ളതല്ലായിരുന്നു. "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു, കൃപയും സമാധാനവും യേശുക്രിസ്തു മുഖാന്തരം വന്നു എന്ന് യോഹന്നാൻ 1:17 -ൽ പ്രസ്താവി ച്ചിരിക്കുന്നു. ഒന്നാമത്തെ നിയമം കുറവില്ലാത്തതാ യിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു (എബ്രായർ 8 : 6–12).

## പുതിയ ഉടമ്പടിയുടെ ശ്രേഷ്ഠത

യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്താൽ മാനവരാശി ദൈവവുമായി നിരപ്പിലേക്ക് വന്നതിനാൽ പുതിയ ഉടമ്പടി പഴയതിൽ നിന്നും ശ്രേഷ്ഠതയുള്ളതായിരുന്നു. യേശു തന്റെ ജഡത്താൽ ന്യായപ്രമാണത്തെ നീക്കി (എഫെസ്യർ 2 : 13–16). അവൻ ന്യായപ്രമാണവും, മൃഗബലിയും, ആചാരപരമായ ആരാധനയും നീക്കി. പുതിയ ഉടമ്പടി പ്രവർത്തിയുടെ അടിസ്ഥാനത്തിലല്ല പ്രത്യുത യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അനുഭവമാണ്. ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വിലയ്ക്കുവാങ്ങി (ഗലാത്യർ 3: 12–14). മരണവും ന്യായ പ്രമാണത്തിന്റെ ശിക്ഷയും അസാധുവാക്കി, ജീവനും പാപക്ഷമയും ലഭ്യമാക്കി. “പുതിയ നിയമത്തിനുള്ള യേശുവിന്റെ രക്തം”അനേകരുടെ പാപമോചനത്തിനു വേണ്ടി ചൊരിഞ്ഞതാണ് (മത്തായി 26 :27–28). ആട്ടു കൊറ്റന്മാരുടെയും കാളകളുടെയും രക്തത്തിന് കഴിയാതിരുന്നത് യേശുവിന്റെ രക്തത്താൽ സാധിച്ചു. നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച യേശുക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ നിങ്ങളുടെ




മനഃസാക്ഷിയെ നിർജ്ജീവ പ്രവർത്തികൾ പോക്കി ശുദ്ധീകരിക്കും. (എബ്രായർ 9:11–16). ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സത്ഗുണപൂർത്തി വരുത്തിയിരിക്കുന്നു... പാപങ്ങളുടെയും അകൃത്യങ്ങളുടേയും മോചനം ഉള്ളിടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗം ആവശ്യമില്ല (എബ്രായർ 10: 11–18). പുതിയ നിയമത്തിൽ അഥവാ പുതിയ ഉടമ്പടിയിൽ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തിന്റെ ശക്തിയിൽ നിന്ന് സ്വാതന്ത്ര്യം നേടി. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. പാപം ചെയ്യുന്നവൻ പാപത്തിന്റെ ദാസനാണ്. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും (യോഹന്നാൻ 8 :31 –37).

ലേവ്യാപൗരോഹിത്യത്തിനോ പഴയ ഉടമ്പടിയ്ക്കോ പൂർണ്ണത ഇല്ലായിരുന്നു. യേശുക്രിസ്തു ഇപ്പോൾ നമുക്ക് ഒരു പുതിയ ഉടമ്പടിയുടെ (എബ്രായർ 7 :20 –23) ശ്രേഷ്ഠമഹാ പുരോഹിതനാണ് (എബ്രായർ 4:4). പൗരോഹിത്യത്തിന് മാറ്റം വന്നപ്പോൾ ന്യായപ്രമാണത്തിനും കൂടെ മാറ്റം വരേണ്ടത് ആവശ്യമായിരുന്നു. (എബ്രായർ 7:11–13). “ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാതിരുന്നതിനെ സാധിക്കുവാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനു തന്നെ (റോമർ 8 : 3–4).

## പഴയ ഉടമ്പടി നീക്കിക്കളഞ്ഞു

കൃപയുടെ പുതിയ ഉടമ്പടി പ്രാബല്യത്തിൽ വന്നപ്പോൾ പഴയ ഉടമ്പടി നീങ്ങിപ്പോയി. “പുതിയത് എന്നു പറയുന്നതിനാൽ ആദ്യത്തെതിനെ പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാക്കുന്നതും ജീർണ്ണിക്കുന്നതുമെല്ലാം നിങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു (എബ്രായർ 8 : 13). എബ്രായർ 10 :9 ൽ പറയുന്നത് “ അവൻ രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു എന്നാണ്. പാപം ഇനി മനുഷ്യനിൽ വാഴുകയില്ല. നിങ്ങൾ കൃപയ്ക്ക് അധീനരാകുകയാൽ പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ല (റോമർ 6 :14)

## കൃപയ്ക്ക് ഉന്നതമായ നിലവാരം

യേശുക്രിസ്തു ന്യായപ്രാമാണം നീക്കിക്കളയുവാനല്ല നിവർത്തിപ്പാനത്രേ വന്നത്. (മത്തായി 5 :17). ജനം മോശയുടെ ന്യായപ്രമാണത്തിന്റെ കീഴിൽ അല്ലാത്തതിനാൽ അതിലെ പല നിയമങ്ങളും കൃപയുടെ പുതിയ ഉടമ്പടിയിൽ അവതരിപ്പിച്ചിട്ടുണ്ട്. കൃപയുടെ പ്രമാണം നമ്മുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതിനാൽ ആ പ്രമാണത്തിന്റെ ബലത്തിൽ ജീവിക്കുവാൻ കഴിയുന്നു. ദൈവത്തോടുള്ള സ്നേഹം ന്യായപ്രമാണത്തെ എങ്ങനെ നിവർത്തിക്കുന്നു എന്ന് റോമർ 13 : 8 –10 വരെ വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്. അനേകം ആളുകളും കൃപയുടെ കീഴിൽ അവർക്കുള്ള സ്വാതന്ത്ര്യത്തിൽ സന്തോഷിക്കുന്നു, അത് അങ്ങനെ തന്നെ വേണം; പക്ഷേ, ദൈവവുമായുള്ള ഒരു ബന്ധം കൃപയാലുള്ള യഥാർത്ഥ നീതിക്ക് ആവശ്യമാണ്. പുതിയ ഉടമ്പടിയുടെ കീഴിൽ യേശുക്രിസ്തു നൽകിയ മാതൃക പോലെ ഒരു ഉയർന്ന ജീവിതനിലവാരം മത്തായി 5–ാം അദ്ധ്യായത്തിൽ പറയുന്ന ന്യായപ്രമാണത്തിന്റെ താരതമ്യം അനുസരിച്ച് ആവശ്യമാണ്.

## രക്ഷ ലഭിച്ചു

മോശയുടെ ന്യായപ്രമാണത്തിൻ കീഴിൽ യഥാർത്ഥ നീതി ലഭിക്കുകയോ, മനുഷ്യൻ സൽപ്രവർത്തികൾ കൊണ്ട് നീതികരിക്കപ്പെടുകയോ ചെയ്തില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാണ് മനുഷ്യൻ നീതീകരിക്കപ്പെടുന്നത്. (ഗലാത്യർ 2:16). കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതിനാൽ പിന്നെയും ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്നു എങ്കിൽ ക്രിസ്തുവിൽ നിന്ന് വേർപ്പെട്ട്, കൃപയിൽ നിന്ന് വീണുപോയി (ഗലാത്യർ 5 :2–4).

യഹൂദജനത്തിന്റെ പഴയ ഉടമ്പടി നീക്കിയിട്ട് എല്ലാജനങ്ങൾക്കും പുതിയതും മികച്ചതുമായ ഒരു ഉടമ്പടി കൈമാറി. യേശുവിന്റെ രക്തത്തിലൂടെയുള്ള പുതിയ ഉടമ്പടി പ്രകാരം ജനങ്ങൾക്ക് പാപത്തിൽ നിന്ന് മോചനം മാത്രമല്ല നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിക്കുവാനുമുള്ള ശക്തിയും നല്കപ്പെടുന്നു. ദൈവത്തക്കുറിച്ചും പാപത്തെക്കുറിച്ചും ധാരാളം കാര്യങ്ങൾ പഠിപ്പിക്കുന്നതിനാൽ പഴയനിയമം ഇപ്പോഴും പ്രധാനമാണ്. എന്നാൽ പഴയ ഉടമ്പടി അസാധുവാണ്. ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യത്തിനും കൃപയ്ക്കും ദൈവത്തിനും നന്ദി.

– MWS

| പഴയ ഉടമ്പടി | പുതിയ ഉടമ്പടി |
|---|---|
| 1. യിസ്രായേല്യർക്ക് | 1. എല്ലാ ജനങ്ങൾക്കും |
| 2. കല്പലകകളിൽ എഴുതി | 2. ജനങ്ങളുടെ ഹൃദയത്തിൽ എഴുതി |
| 3. അക്ഷരത്തിന്റെ ഉടമ്പടി | 3. ആത്മാവിന്റെ ഉടമ്പടി |
| 4. ലേവ്യാപൗരോഹിത്യം | 4. ഒരു മഹാപുരോഹിതൻ - യേശുക്രിസ്തു |
| 5. ഭൗമീകകൂടാരം | 5. ആത്മീക കൂടാരം |
| 6. പ്രവർത്തികളുടെ പ്രമാണം | 6. കൃപയാലും വിശ്വാസത്താലും നീതീകരണം |
| 7. ജഡത്തിന്റെ പാപത്തിന്റെ പ്രമാണം | 7. ആത്മാവിന്റെയും നീതിയുടെ പ്രമാണം |
| 8. അടിമത്വവും മരണവും കൊണ്ടുവന്നു | 8. സ്വാതന്ത്ര്യവും ജീവനും കൊണ്ടുവന്നു |
| 9. പാപത്തിന് അനേകമായ മൃഗബലി | 9. സമ്പൂർണ്ണമായ ഒരു യാഗം - യേശുക്രിസ്തു |
| 10. ആണ്ടുതോറും പാപപരിഹാരം / രക്ഷ ലഭ്യമല്ല | 10. നിത്യമായ പാപപരിഹാരം |
| 11. ദശാംശം | 11. ദാനം |
| 12. ശബ്ബത്താചരണം | 12. എല്ലാ ദിവസവും വിശുദ്ധം |
| 13. ജഡത്തിലെ ആരാധന (ധൂപം / സംഗീത ഉപകരണങ്ങൾ) | 13. ഹൃദയത്തിലെ ആത്മീക ആരാധന |
| 14. ഒരു നിഴൽ | 14. പൊരുൾ |
| 15. നീക്കികളഞ്ഞു | 15. എന്നേക്കും നിലനിൽക്കും |

**ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ**
**രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു**
**(എബ്രായർ ൮ :7)**

Printed matter only
**MALAYALAM EDITION**

## നിങ്ങൾക്ക് അറിയാമോ?




ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടി ബന്ധത്തെ നിയന്ത്രിക്കുന്ന നിയമങ്ങളായിരുന്നു പത്തുകല്പനകൾ. ആ നിയമങ്ങൾ നിർത്തലാക്കപ്പെട്ടപ്പോൾ പത്തു കല്പനയിൽ ഒൻപത് എണ്ണവും കൃപയുടെ കീഴിലെ പുതിയ നിയമത്തിൽ പുന:സ്ഥാപിക്കപ്പെട്ടു.

നാലാമത്തെ കല്പനയായ "ശബ്ബത്തു നാളിനെ ശുദ്ധീകരിക്കുവാൻ ഓർക്ക" (പുറപ്പാട് 20 : 8) മാത്രമാണ് പുതിയ നിയമത്തിൽ ആവർത്തിക്കപ്പെടാത്ത ഒരേ ഒരു കല്പന. പുതിയ നിയമത്തിൽ എല്ലാ ദിവസവും പവിത്രവും വിശുദ്ധവുമായി സൂക്ഷിക്കേണ്ടതിന്റെ ഒരു നിഴൽ മാത്രമായിരുന്നു ശബ്ബത്തിന്റെ ആ തത്വം

തക്കസമയത്ത് പറഞ്ഞ വാക്ക്

## സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കുക.

*സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നിൽക്കുവിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങി പോകരുത്*
*- ഗലാത്യർ 5:1*



ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കുവാൻ പൗലോസ് ക്രിസ്ത്യാനികളോട് അഭ്യർത്ഥിച്ചു. വൃത്തികെട്ടതും അശുദ്ധവുമായ ജീവിതം നയിക്കുവാൻ അവൻ അവരെ പ്രോത്സാഹിപ്പിച്ചില്ല.എന്നാൽ ന്യായപ്രമാണത്തിന്റെ നുകത്തിൽ പിന്നെയും കുടുങ്ങി പോകാതിരി ക്കുവാനുള്ള മുന്നറിയിപ്പും നൽകി. ഇന്ന് നല്ലവരായ പല ക്രിസ്ത്യാനികളും വിശ്വാസത്തിലൂടെ കൃപ അനുഭവിക്കുമ്പോൾ തന്നെ അവർ ഒരു "നിയമ ചൈതന്യത്തിന്റെ" അടിമത്വത്തിലാണ്. അവർ ആത്മീയ പ്രശ്നങ്ങളോട് നിയമപരമായ സമീപനം സ്വീകരിക്കുന്നതു കൊണ്ട് "ഇതു ചെയ്യുക" "അതു ചെയ്യുക" എന്നൊക്കെ പറയുമ്പോൾ വ്യക്തിപരമായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബന്ധത്തിൽ തലക്കനം കൂടിയിട്ട് ചതിക്കുഴിയിൽ അകപ്പെടുന്നു. അക്ഷരം കൊല്ലുന്നു എന്നും ആത്മാവ് ജീവിപ്പിക്കുന്നു എന്നും അവർ ഇതുവരെ പഠിച്ചിട്ടില്ല. പുതിയ നിയമത്തിലെ ഇത്തരം നിയമമേധാവികളെ പരിശുദ്ധാത്മാവ് വിടുവിക്കുവാൻ ആഗ്രഹിക്കുന്നു

സത്യത്തിന്റെ ശുശ്രൂഷകരേ, നിങ്ങളുടെ സ്വാതന്ത്ര്യം ആസ്വദിക്കുകയും കൃപയുടെ അത്ഭുതകരമായ അനുഭവത്തിൽ ഭയപ്പെടാതെ സന്തോഷിക്കുവാൻ ഈ കൃപായുഗം സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കുക. ഈ സ്വാതന്ത്ര്യം എന്നതു ദൈവത്തിന്റെ നീതി ഉള്ളിൽ ഉള്ളതുകൊണ്ട് വിശുദ്ധിയോടെ കർത്താവിനെ സേവിക്കുന്നതാണ്. ഭക്തിയിലും സ്നേഹത്തിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഹൃദയം ശ്രമിക്കുന്നു. നിയമ മേധാവിത്വം കാണിക്കുന്ന വിശുദ്ധനും, കൃപയുടെ വിശുദ്ധനും ജീവിതത്തിൽ ഒരേ നിഗമനങ്ങളിൽ വന്നേക്കാം. എന്നാൽ ഒരാൾ അടിമത്വത്തിലും മറ്റേയാൾ ദൈവകൃപയുടെ ദൈനംദിന പ്രവർത്തനത്തിലൂടെ സന്തോഷവും അനുഭവിക്കുന്നു. - MWS


if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**